(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ നഗരസഭയിലെ മാങ്ങാക്കുന്ന് വാർഡിൽ ചരുവിള ജംഗ്ഷൻ-വെട്ടിക്കുന്ന് വിള-പെരുവിള റോഡ് ഗതാഗത യോഗ്യമാക്കണമെന്ന് കാണിച്ച് നിവേദനം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ചാത്തന്നൂർ മത്സ്യമാർക്കറ്റും കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പാരിപ്പള്ളി മത്സ്യമാർക്കറ്റും നവീകരിക്കുന്നതിനുള്ള നിവേദനവും ലഭിച്ചിരുന്നു. ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലായി 11 മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ ദേശീയ മത്സ്യ വികസന ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതികൾക്ക് എൻ.എഫ്.ഡി.ബി-ൽ നിന്നും അംഗീകാരം കിട്ടുന്ന മുറയ്ക്ക് പുതിയ മാർക്കറ്റുകളുടെ പ്രൊപ്പോസൽ അംഗീകരിക്കുന്നതാണ്. റോഡ് നിർമ്മാണത്തിന്റെ പദ്ധതി സാധ്യതാ പഠനം നടത്തി മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

മത്സ്യഗ്രാമ വികസന പദ്ധതി

148 (2017) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യ ഗ്രാമ വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ നല്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മാതൃകാ മത്സ്യഗ്രാമ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ആദ്യപടിയായി തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശസ്വയംഭരണ പ്രദേശത്ത് 135 കോടി രൂപയുടെ ഭവന നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി വികസനപരമായി

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 57 മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 2012-13 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 40 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 24 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ 2013-14 സാമ്പത്തിക വർഷം 13-ാം ധനകാര്യ കമ്മീഷൻ പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപ മത്സ്യമേഖലയിലെ കക്കൂസുകളുടെ നിർമ്മാണത്തിനും 5 കോടി രൂപ വീടുകളുടെ അറ്റകുറ്റപ്പണികൾ/നവീകരണത്തിനും 25 കോടി രൂപ 2014-15-ൽ മത്സ്യത്തൊഴിലാളി കോളനി നവീകരണത്തിനും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ സമഗ്ര അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യഗ്രാമങ്ങളിൽ പ്രധാനമായും കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികളുടെ സഹകരണത്തോടെയാണ് മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നത്.

(ഡി) മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി ആകെ 160 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിൽ 135 കോടി രൂപയും ഭവന നിർമ്മാണത്തിനായാണ് ചെലവഴിക്കുന്നത്. 25 കോടി രൂപ ചെലവിട്ട് സാനിട്ടേഷൻ, കുടിവെള്ളം, വൈദ്യുതി, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം 4973 വീടുകളും 8212 കക്കൂസുകളും അനുവദിച്ചിട്ടുണ്ട്. മാതൃകാ മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് എന്നിവിടങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതീകരണം, കുടിവെള്ള വിതരണം, തീരദേശ റോഡ് നിർമ്മാണം, ബേപ്പൂർ, മാറാട് എന്നിവിടങ്ങളിൽ വൈദ്യുതീകരണം, കുടിവെള്ള വിതരണം, ബേപ്പൂരിൽ തീരദേശ റോഡ് നിർമ്മാണം, വിദ്യാഭ്യാസ സ്ഥാപന നവീകരണം, ആനാപ്പുഴ മത്സ്യഗ്രാമത്തിൽ വൈദ്യുതീകരണം, വലിയതുറയിൽ ആശുപ്രതി കെട്ടിട നിർമ്മാണം എന്നീ സൗകര്യങ്ങളാണ് മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നത്. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഇതുവരെ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

കുടിവെള്ള വിതരണം (57 എണ്ണം)	-	51.39 കോടി രൂപ
വൈദ്യുതീകരണം (57 എണ്ണം)	-	23.03 കോടി രൂപ
സാനിട്ടേഷൻ (20 പബ്ലിക് ടോയ്ലറ്റ്, 3525 വ്യക്തിഗത ടോയ്ലറ്റുകൾ)	-	11.58 കോടി രൂപ
ലൈബ്രറി സഹായം (32 എണ്ണം)	-	8.99 കോടി രൂപ
ഹൈമാസ്റ്റ് ലൈറ്റുകൾ (104 എണ്ണം)	-	7.79 കോടി രൂപ
ജീവനോപാധി സഹായം (1 മത്സ്യമാർക്കറ്റ്, 1862 വള്ളവും വലയും)	-	8.90 കോടി രൂപ

മാതൃകാ മത്സ്യകൃഷിയിടം വികസനം

149 (2018) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ മത്സ്യ കൃഷിയിടങ്ങൾ വികസിപ്പിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly